# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5932** — **7.7.2014-ൽ മറുപടിക്ക്**

**നഗരങ്ങളിൽ ഉറവിട മാലിന്യ സംസ്ക്കരണത്തിന് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, വർക്കല കഹാർ<br>,, കെ. മുരളീധരൻ<br>,, സണ്ണി ജോസഫ് | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നഗരങ്ങളിൽ ഉറവിട മാലിന്യ സംസ്ക്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;<br>വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) മാലിന്യം ഉണ്ടാക്കുന്ന സ്ഥലത്ത് തരംതിരിച്ച് സൂക്ഷിക്കാനും ഉറവിടത്തിൽ തന്നെ സംസ്ക്കരണം നടത്തുക എന്ന ഉദ്ദേശത്തോടെയും കേന്ദ്രീകൃത മാലിന്യ സംസ്ക്കരണ പ്ലാന്റിൽ എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുക എന്ന ഉദ്ദേശത്തോടും കൂടിയാണ് ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതിക്ക് ലക്ഷ്യമിട്ടിട്ടുള്ളത്. |
| സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ ; | സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നൽകുന്ന ഉറവിട മാലിന്യ സംസ്ക്കരണ പ്രോജക്ടുകൾക്ക് ശുചിത്വമിഷനിൽ നിന്നും സാങ്കേതികാനുമതിയും സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള സാമ്പത്തിക സഹായവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നു. ടി പദ്ധതിയുടെ നിർവ്വഹണം ദർഘാസ്/ക്വട്ടേഷൻ വിളിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സേവനദാതാക്കൾ/അക്രഡിറ്റഡ് ഏജൻസി മുഖേനയാണ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. |
| ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ? | ഡി) ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി ഏകദേശം 800 ഗ്രാമപഞ്ചായത്തുകളുടേയും 64 നഗരസഭകളുടേയും പ്രോജക്ടുകൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ സാങ്കേതിക അനുമതിയും അവ നിർവ്വഹണം നടത്തുന്നതിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ ഭാഗത്ത് നിന്നും അർഹതപ്പെട്ട സാമ്പത്തിക സഹായവും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ